**കേരള സർക്കാർ**

**ധനകാര്യ (എസ്.എഫ്.സി സെൽ-ബി)വകുപ്പ്**

സർക്കുലർ നം. 67/2020/ധന. തിരുവനന്തപുരം, തീയതി: 05.11.2020

**<u>സർക്കുലർ</u>**

വിഷയം-ധനകാര്യ വകുപ്പ്- മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നത്-സംബന്ധിച്ച്.

സൂചന- 1. സ.ഉ(എം.എസ്)നം. 97/2020/ധന. തീയതി 23/09/2020.

2. സ.ഉ(എം.എസ്)നം. 100/2020/ധന. തീയതി 30/09/2020

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മരണപ്പെടുന്നവരെ ഒഴിവാക്കുന്നതിനും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളവർക്കുമാത്രം പെൻഷൻ അനുവദിയ്ക്കുന്നതിനുമായി നിലവിലുണ്ടായിരുന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സൂചന ഉത്തരവ്വ് പിറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും അവരുടെ ബാങ്ക് അക്കൗണ്ടിൽ പെൻഷൻ തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നതും,, മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ തുക വിതരണം ചെയ്യുന്ന ഏജന്റ്മാർ കൈപ്പറ്റിയതും കുടുംബാംഗങ്ങൾ കൈപ്പറ്റിയതുമായ നിരവധി കേസുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മരണപ്പെട്ടവരെയും അനർഹരെയും സമയബന്ധിതമായി പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാതിരിക്കുന്നത് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുമെന്നു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, മരണപ്പെടുന്നവരെയും നിശ്ചിതമാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

**പ്രതീപ് കുമാർ. ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ)
4. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്.
5. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
6. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
7. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

8. എല്ലാ മുൻസിപ്പാലിറ്റി/ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
9. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
10. നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
11. ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (നം. 1605932/എസ്.എഫ്.സി.ബി2/20/ധന)

ഉത്തരവിൻ പ്രകാരം

Swetha G.O

സെക്ഷൻ ഓഫീസർ